കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - സംയോജിത ശിശുവികസന പദ്ധതിയിൻ കീഴിലെ അംഗൻവാടി ജീവനക്കാർക്ക് ബാധകമാക്കിക്കൊ ് ഉത്തരവ് പുറപ്പെടുവിക്കുന്നു

സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സർ, ഉത്തരവ് (സാധാ.) നമ്പർ 119/96/സാ. ക്ഷേ. തിരുവനന്തപുരം, 1996 ജൂൺ 19.

പരാമർശം :- സാമൂഹ്യക്ഷേമ ഡയറക്ടറുടെ 7.11.1995-ലെ ഐ.സി.ഡി.എസ്.എ6 16994/94 നമ്പർ കത്ത്.

ഉത്തരവ്

സാമൂഹ്യക്ഷേമ വകുപ്പ് നടപ്പാക്കിവരുന്ന സംയോജിത ശിശുവികസന പദ്ധതിയിൻകീഴിലെ അംഗൻവാടികളിൽ പ്രവർത്തിച്ചു വരുന്ന അംഗൻവാടി ജീവനക്കാർ സേവനത്തിലിരിക്കെ മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കണമെന്നത് വളരെ നാളുകളായി അംഗൻവാടി ജീവനക്കാരുടെ സംഘടനകൾ ഉന്നയിച്ചു വരുന്ന ഒരു ആവശ്യമാണ്. പരാമർശിത കത്തുപ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ, അംഗൻവാടി ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന ഒരു പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചു.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതി അംഗൻവാടി ജീവനക്കാർക്ക് ബാധകമാക്കിക്കൊ ് സർക്കാർ ഉത്തരവാകുന്നു.

ഈ പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

ഗവർണറുടെ ആജ്ഞാനുസരണം

കെ.കെ. രമണി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യക്ഷേമ ഡയറക്ടർ,
ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ/സി.ഡി.പി.ഒ. മാർ
ജില്ലാ കളക്ടർമാർ
എസ്.എഫ്./ഒ.സി.

അനുബന്ധം

അർഹത : (എ) സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ശിശു വികസന പ്രോജക്ടുകളിലെ അംഗൻവാടി കേന്ദ്രങ്ങളിൽ സ്ഥിരം അംഗൻവാടി ജീവനക്കാരായിരിക്കെ (അംഗൻവാടി വർക്കർ/അംഗൻവാടി ഹെൽപ്പർ) മരണമടഞ്ഞവരുടെ ആശ്രിതർക്ക് ഈ പദ്ധതി അനുസരിച്ച് അംഗൻവാടി വർക്കറായോ, ഹെൽപ്പറായോ ജോലി കിട്ടാൻ അർഹതയു ായിരിക്കും.

(ബി) ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് വരുമാന പരിധി ബാധകമല്ല.

2. ആശ്രിതർ :

_____അംഗൻവാടി വർക്കർ/ഹെൽപ്പർ ആയിരിക്കെ മരണമടഞ്ഞവരുടെ നിയമാനുസൃത പിൻതുടർച്ചാവകാശിയായി സാക്ഷ്യപ്പെടുത്തിയ പെൺമക്കൾക്കോ അവരുടെ അഭാവത്തിൽ സഹോദരിക്കോ മാത്രമേ ആശ്രിതർക്കുള്ള ജോലി ലഭിക്കുവാൻ അർഹതയു ായിരിക്കുകയുള്ളു. ഒന്നിലധികം പെൺമക്കൾ/സഹോദരിമാർ ഉള്ളവരുടെ കാര്യത്തിൽ നിയമനത്തിനു നിശ്ചയിച്ചിട്ടുള്ള പരമാവധി പ്രായത്തിനു വിധേയമായി പ്രായക്കൂടുതൽ ഉള്ളയാൾക്ക് മുൻഗണന നൽകുന്നതായിരിക്കും. എന്നാൽ പ്രായം കൂടിയ മകളുടെ/സഹോദരിയുടെ സമ്മതപ്രകാരം പ്രായം കുറഞ്ഞവർക്കും നിയമനം നൽകാം.

3. കുറഞ്ഞ സേവന പരിധി:

_____അംഗൻവാടി വർക്കർ, ഹെൽപ്പർ തസ്തികയിൽ ഏതെങ്കിലും ഒന്നിൽ കുറഞ്ഞത് ഒരു ദിവസമെങ്കിലും സ്ഥിരം ഒഴിവിൽ ജോലി ചെയ്തിട്ടുള്ള അംഗൻവാടി ജീവനക്കാരുടെ ആശ്രിതർക്ക് ഈ പദ്ധതി പ്രകാരം ജോലി ലഭിക്കാൻ അർഹതയു ായിരിക്കും.

4. ഉദ്യോഗം നൽകുന്ന രീതി :

സ്ഥിര അംഗൻവാടി വർക്കറോ ഹെൽപ്പറോ ആയിരിക്കെ മരണമടഞ്ഞാൽ ഒഴിവിൽ മരണമടഞ്ഞയാളുടെ മകളെ/സഹോദരിയെ എസ്.എസ്.എൽ.സി. പാസ്സായതാണെങ്കിൽ വർക്കറായും, എസ്.എസ്.എൽ.സി. തോറ്റതാണെങ്കിൽ ഹെൽപ്പറായും നിയമിക്കാവുന്നതാണ്. പ്രസ്തുത ഒഴിവ് ആറ് മാസംവരെ സ്ഥിര നിയമനംവഴി നികത്താൻ പാടില്ലാത്തതാണ്. നിയമാനുസൃത അവകാശിയിൽനിന്നും 6 മാസത്തിനുള്ളിൽ അപേക്ഷ ലഭിക്കുന്നില്ലായെങ്കിൽ ടി ഒഴിവിലേക്ക് സ്ഥിര നിയമനം നടത്താവുന്നതും നിയമാനുസൃത അവകാശിയിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ടി പ്രോജക്റ്റിൻ കീഴിൽ ആദ്യം ഉ ാകുന്ന ഒഴിവിൽ നിയമിക്കാവുന്നതുമാണ്.

5. പ്രായപരിധി :

_____അംഗൻവാടി പ്രോജക്റ്റിൽ അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നീ തസ്തികകളിൽ നിയമനത്തിന് അതത് സമയങ്ങളിൽ നിലവിലിരിക്കുന്ന പ്രായപരിധി ഈ പദ്ധതിപ്രകാരം ജോലി നൽകുന്നതിനും ബാധകമായിരിക്കും.

6. അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി:

_____അംഗൻവാടി പ്രവർത്തകരുടെ ആശ്രിതർക്കുള്ള ജോലി ലഭിക്കുവാൻ ജീവനക്കാരി മരണമടഞ്ഞ് 6 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കേ താണ്. നിയമാനുസൃത പിൻതുടർച്ചാവകാശി പ്രായപൂർത്തി ആകാത്തവർക്കും പ്രായപൂർത്തിയായി 6 മാസത്തിനകം അപേക്ഷ സമർപ്പിച്ചാൽ മതിയാകും. 7. അപേക്ഷ സമർപ്പിക്കേ രീതി:

_____(എ) അനക്സർ 1. - അംഗൻവാടി ജീവനക്കാരുടെ ആശ്രിതർക്കുള്ള ജോലി ലഭിക്കുന്നതിന് അപേക്ഷകൾ അനക്സർ ഒന്നിലുള്ള ഫോറത്തിൽ മാത്രമേ സമർപ്പിക്കാവൂ. ഫോറത്തിൽ അഞ്ചു രൂപയുടെ 'കോർട്ട് ഫീ' സ്റ്റാമ്പ് പതിപ്പിച്ചിരിക്കേ താണ്. അപേക്ഷ അംഗൻവാടി ജീവനക്കാരി ഏറ്റവും അവസാനം ജോലി ചെയ്തിരുന്ന ശിശുവികസന പദ്ധതി ആഫീസർക്ക് സമർപ്പിക്കേ താണ്. അപേ

ക്ഷയോടൊപ്പം അതത് മരണ സർട്ടിഫിക്കറ്റ്, നിയമപരമായ അവകാശം തെളിയിക്കുന്നതിന് തഹസീൽദാരിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് (ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ്) എന്നിവ ഉള്ളടക്കം ചെയ്തിരിക്കണം.

(ബി) അനക്സർ 2 - ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഒരു ചെക്ക്ലിസ്റ്റ് അപേക്ഷയൊടൊപ്പം പൂരിപ്പിച്ച് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മുഖാന്തിരം ശിശുവികസന പദ്ധതി ഓഫീസർ സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സമർപ്പിക്കേ താണ്. ആവശ്യമായ പരിശോധനകൾക്കുശേഷം സാമൂഹ്യക്ഷേമ ഡയറക്ടർ നിയമന ഉത്തരവ് നൽകുന്നതാണ്.

8. (എ) അംഗൻവാടി ജീവനക്കാരായിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നിയമപ്രകാരം ജോലി ലഭിച്ചാൽ ജോലിയിൽ പ്രവേശിക്കാൻ വരുമ്പോൾ ഒരു ഗസററഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പാസ്പോർട്ട് സൈസിലുള്ള ഒരു ഫോട്ടോ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേ താണ്.

(ബി) ഒരിക്കൽ നൽകിയ തസ്തികയിലെ നിയമനം മാറ്റി നൽകുന്നതല്ല.

(സി) അംഗൻവാടി ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരം ജോലി ലഭിച്ചയാളിനെ, ജോലിക്കുവേ ി അയാൾ സമർപ്പിച്ച അപേക്ഷയിലെ ഏതെങ്കിലും കാര്യങ്ങൾ തെറ്റാണെന്ന് ക ാൽ ഉടൻ ജോലിയിൽ നിന്ന് പിരിച്ചുവിടുന്നതാണ്.

(ഡി) ഈ പദ്ധതിപ്രകാരം നിയമനം ലഭിക്കുന്നവർക്ക് അവർ താമസിക്കുന്ന പ്രോജക്റ്റിലെ പഞ്ചായത്ത് നിയമനത്തിനായി തെരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ അപേക്ഷക താമസിക്കുന്ന പഞ്ചായത്തോ പരേത അവസാനം ജോലി ചെയ്തിരുന്ന അംഗൻവാടി സ്ഥിതി ചെയ്യുന്ന പഞ്ചായത്തോ മാത്രമേ നിയമനത്തിന് പരിഗണിക്കുകയുള്ളൂ.

(ഇ) അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പാസ്സാക്കുന്ന നിയമം ഈ പദ്ധതിപ്രകാരം ജോലി ലഭിക്കുന്നവർക്കും ബാധകമായിരിക്കും.

(എഫ്) അംഗൻവാടി ജീവനക്കാർ എന്ന ഈ നിയമനത്തിലെ വ്യാഖ്യാനത്തിൽ അംഗൻവാടി വർക്കറും, അംഗൻവാടി ഹെൽപ്പറും മാത്രമേ ഉൾപ്പെടുകയുള്ളു.

(ജി) അനക്സർ - 3-ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഒരു റിപ്പോർട്ട് ആശ്രിതർക്ക് നിയമനം നൽകുന്ന ബന്ധപ്പെട്ട സെക്ഷനിൽ, വകുപ്പു തലവന്റെ ഒപ്പോടുകൂടി സൂക്ഷിക്കേ താണ്.

(എച്ച്) അംഗൻവാടി ജീവനക്കാരുടെ ആശ്രിതർക്കുള്ള ജോലി നൽകുന്ന പദ്ധതി പ്രകാരം മരണമടഞ്ഞ ജീവനക്കാരിയുടെ ആശ്രിതരിൽ ആർക്കെങ്കിലും ഒരാൾക്കു മാത്രമേ ജോലി ലഭിക്കുവാൻ അർഹതയു ായിരിക്കുകയുള്ളു.

അനക്സർ -1

അംഗൻവാടി ജീവനക്കാരായിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന/ നിയമപ്രകാരം ജോലി ലഭിക്കുന്നതിനുവേ ി സമർപ്പിക്കുന്ന അപേക്ഷ

(അപേക്ഷയിൽ അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ചിരിക്കേ താണ്.)

1. അപേക്ഷകയുടെ പേരും പൂർണ്ണ മേൽവിലാസവും (പഞ്ചായത്ത്, താലൂക്ക്, എന്നിവയും എഴുതണം) :

2. പരേതയായ അംഗൻവാടി വർക്കർ/ഹെൽപ്പർ അവസാനം ജോലി ചെയ്ത ഓഫീസിന്റെ പേര് (അംഗൻവാടിയുടെ പേരും നമ്പരും പൂർണ്ണ വിലാസം പഞ്ചായത്തിന്റെ പേരും) :

3. ജോലിയിൽ പ്രവേശിച്ച തീയതി ആകെയുള്ള സേവനത്തിന്റെ ദൈർഘ്യം :

4. മരണമടഞ്ഞ അംഗൻവാടി വർക്കർ/ ഹെൽപ്പറുമായി അപേക്ഷകയ്ക്കുള്ള ബന്ധം (തഹസീൽദാരുടെ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്യണം) :

5. അപേക്ഷകയുടെ വയസ്, ജനനതീയതി വിദ്യാഭ്യാസ യോഗ്യത (സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യണം)

6. അപേക്ഷക വിവാഹം കഴിച്ചതാണോ, അല്ലയോ? :

7. ഈ നിയമപ്രകാരം ഉദ്യോഗം ലഭിക്കുവാൻ നേരത്തെ അപേക്ഷ സമർപ്പിച്ചിട്ടുേ ാ (ഉേ കിൽ വിശദാംശം എഴുതണം) :

8. ഈ നിയമപ്രകാരം ഉദ്യോഗത്തിനുവേ ി മറ്റ് ആശ്രിതർ ആരെങ്കിലും ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുേ ാ? :

9. ഏത് തസ്തികയ്ക്കു വേ ിയാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് (വർക്കർ/ഹെൽപ്പർ) :

10. നിയമനം ആവശ്യപ്പെടുന്ന
ജില്ല, പഞ്ചായത്ത്, പ്രോജക്റ്റ് :

സാക്ഷിപത്രം

ഞാൻ .....
ഈ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലുംപെട്ടിടത്തോളം സത്യമാണെന്നും, ഭാവിയിൽ ഏതെങ്കിലും കാര്യങ്ങൾ സത്യമല്ലാ എന്ന് ക ത്തുന്ന പക്ഷം ജോലിയിൽനിന്നും എന്നെ പിരിച്ചു വിടാവുന്നതുമാണെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു

അപേക്ഷകയുടെ ഒപ്പ്

സ്ഥലം :

തീയതി :

അനക്സർ 2

അംഗൻവാടി ജീവനക്കാരുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്ന വ്യവസ്ഥയിൽ ജോലിക്കു വേ ി സമർപ്പിക്കുന്ന അപേക്ഷകളിലെ ശ്രദ്ധിക്കേ കാര്യങ്ങളുടെ ചെക്ക്ലിസ്റ്റ്

1. മരണമടഞ്ഞ അംഗൻവാടി ജീവനക്കാരിയുടെ പേരും തസ്തികയും (തസ്തിക സ്ഥിരമോ താൽക്കാലികമോ) :

2. മരണമടഞ്ഞയാളിന്റെ ആകെയുള്ള സേവന ദൈർഘ്യം :

   (ശ) ജനനത്തീയതി :
   (ശശ) ജോലിയിൽ പ്രവേശിച്ച തീയതി :
   (ശശശ) മരണമടഞ്ഞ തീയതി :

3. മരണമടഞ്ഞയാളിന്റെ കുടുംബാംഗങ്ങളുടെ വിവരങ്ങൾ (പേര് ജനനതീയതി, മാരിറ്റൽ സ്റ്റാറ്റസ്, ജോലി തുടങ്ങിയവ) :

4. അപേക്ഷ സ്വീകരിച്ച തീയതി, ആരിൽ നിന്നാണ് അപേക്ഷ സ്വീകരിച്ചത് :

5. ജോലിക്ക് അർഹതയുള്ളയാളിന്റെ പേരും ടിയാളും മരണമടഞ്ഞ ജീവനക്കാരിയുമായുള്ള ബന്ധവും :

6. അപേക്ഷകയുടെ വയസ്സും ജനനതീയതിയും :

7. അപേക്ഷകയുടെ വിദ്യാഭ്യാസ യോഗ്യത :

8. പരിഗണിക്കപ്പെടേ മറ്റു വിവരങ്ങൾ :

9. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുടെ ശുപാർശ :

10. മരണമടഞ്ഞയാളിന്റെ മറ്റ് ഏതെങ്കിലും ആശ്രിതന് ഈ നിയമപ്രകാരം ജോലി നൽകിയിട്ടുേ ാ; ഉെ ങ്കിൽ വിശദാംശങ്ങൾ :

ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ

അനക്സർ 3

1. ക്രമനമ്പർ :

2. അപേക്ഷകയുടെ പേരും മേൽവിലാസവും :

3. മരണമടഞ്ഞ അംഗൻവാടി ജീവനക്കാരിയുടെ പേര്, ജോലി ചെയ്തിട്ടുള്ള ഓഫീസ് :

4. അപേക്ഷ സ്വീകരിച്ച തീയതി :

5. കറന്റ് നമ്പർ :

6. അവസാനിപ്പിച്ച രീതി (നിയമനം നൽകിയെങ്കിൽ വിശദാംശങ്ങൾ) :